# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY 02 | 2020 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

## പൂങ്കാവനത്തിന്റെ പരിപാവനത കാത്തു സൂക്ഷിക്കണം: ശബരിമല മേൽശാന്തി

ശബരിമല:പുണ്യഭൂമിയായ അയ്യപ്പന്റെ പൂങ്കാവനത്തിന്റെ പരിപാവനത കാത്തു സൂക്ഷിക്കാൻ എല്ലാ അയ്യപ്പഭക്തരും ശ്രമിക്കണമെന്ന് ശബരിമല മേൽശാന്തി ബ്രഹ്മശ്രീ അരീക്കര സുധീർ നമ്പൂതിരി പറഞ്ഞു. അലക്ഷ്യമായി ഉപേക്ഷിക്കുന്ന പ്ലാസ്ററിക്ക് വസ്തുക്കൾ ഭക്ഷിച്ച് മൃഗങ്ങൾ ചത്തുപോകുന്ന അവസ്ഥ അത്യന്തം ദുഃഖകരമായ ഒന്നാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് സന്നിധാനത്ത് അയ്യപ്പഭക്തർക്കായി നൽകിയ സന്ദേശത്തിൽ അദ്ദേഹം അഭ്യർത്ഥിച്ചു.

(പി.ആർ. ശബരി-272)

## സാംക്രമിക രോഗങ്ങൾക്ക് ഹോമിയോ പ്രതിരോധം

ശബരിമല: സാംക്രമികരോഗങ്ങൾക്ക് ഫലപ്രദമായ മരുന്നുകൾ സന്നിധാനത്തേയും പമ്പയിലേയും സർക്കാർ ഹോമിയോ ആശുപത്രികളിൽ ലഭ്യമാണെന്ന് മെഡിക്കൽ ഓഫീസർ ഡോ. എസ് അഭിലാഷ് അറിയിച്ചു. രോഗലക്ഷണങ്ങളുള്ള ഭക്തജനങ്ങൾ ആശുപത്രിയിലെത്തി ചികിത്സ തേടണം. ഇത്തവണത്തെ ശബരിമല തീർഥാടനകാലത്ത് ഇതുവരെ കാര്യമായ പകർച്ചവ്യാധികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും

മുൻകരുതലോടെ 24 മണിക്കൂറും സേവനം ലഭ്യമാണെന്നും മെഡിക്കൽ ചാർജ് ഓഫീസർ പറഞ്ഞു.

പത്തു ദിവസത്തിനിടെ സന്നിധാനത്ത് വകുപ്പിന്റെ പ്രത്യേക നിർദേശപ്രകാരം ആയിരം പേർക്ക് ചിക്കൻപോക്സ് പ്രതിരോധ മരുന്ന് നൽകിയിട്ടുണ്ട്. ചെങ്കണ്ണിനും പ്രതിരോധമരുന്ന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

വിവിധ രോഗങ്ങൾക്ക് ചികിത്സ തേടി നിരവധി തീർഥാടകരാണ് ദിവസേന ആശുപത്രിയിലെത്തുന്നത്.മുട്ടുവേദന, തൊണ്ടവേദന, ചുമ, അലർജി തുടങ്ങി തീർഥാടകരിൽ സാധാരണ കാണുന്ന പ്രശ്നങ്ങൾക്കു പുറമെ,പഴകിയ രോഗങ്ങൾക്കും ചികിത്സ ലഭ്യമാണ്. കഫക്കെട്ടും ശ്വാസംമുട്ടലും അനുഭവപ്പെടുന്ന രോഗികൾക്ക് നെബുലൈസേഷൻ സൗകര്യവും സന്നിധാനത്തെ ആശുപത്രിയിലുണ്ട്.

(പി.ആർ. ശബരി–273)

# പുണ്യഭൂമിയിൽ ശുചിത്വ ബോധവത്കരണത്തിന് 'പുണ്യം പൂങ്കാവനം' വീഡിയോ വാൾ

ശബരിമല:ഉത്തരവാദിത്വത്തോടെയും അവബോധത്തോടെയുമുള്ള തീർത്ഥാടനം ലക്ഷ്യമിടുന്ന സംരംഭമായ
'പുണ്യം പൂങ്കാവന'ത്തിന്റെ ആശയ പ്രചരണത്തിനും ബോധവത്കരണത്തിനുമായി സന്നിധാനത്ത് വലിയ നടപ്പന്തലിൽ വീഡിയോ വാൾ സ്ഥാപിച്ചു.വീഡിയോ വാളിന്റെ സ്വിച്ച് ഓൺ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ.വാസു നിർവ്വഹിച്ചു.

എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്ര പ്രസാദ്,സ്പെഷ്യൽ ഓഫീസർ എസ്. സുജിത് ദാസ്, എ എസ് ഒ സുരേഷ്കുമാർ,എസ് പി വിശ്വനാഥ്, എൻ ഡി ആർ എഫ് ഡെപ്യൂട്ടി കമാൻഡന്റ് ജി.വിജയൻ,ആർ എ എഫ് ഡെപ്യൂട്ടി കമാൻഡന്റ് നിർമ്മൽ,അയ്യപ്പസേവ സംഘം വൈസ് പ്രസിഡന്റ് ബാലൻ സ്വാമി, പുണ്യം പൂങ്കാവനം മുൻ കോ–ഓർഡിനേറ്റർ മോഹൻകുമാർ, കോ–ഓർഡിനേറ്റർ വി.അനിൽകുമാർ എന്നിവർ പങ്കെടുത്തു.

പ്ലാസ്റ്റിക് വർജ്ജനം,മാലിന്യ നിർമ്മാർജ്ജനം,പരിസര ശുചിത്വം,പമ്പാനദിയുടെ സംരക്ഷണം,അച്ചടക്കം,വാക്കിലും പ്രവൃത്തിയിലും ചിന്തയിലും നന്മയും ശുദ്ധിയും പുലർത്തൽ
തുടങ്ങിയ ലക്ഷ്യങ്ങളോടെ 2010–11 മണ്ഡലക്കാലത്ത് അന്നത്തെ സ്പെഷ്യൽ ഓഫീസറും ഇപ്പോഴത്തെ അഡ്മിനിസ്ട്രേഷൻ ഐജിയുമായ പി.വിജയൻ ആശയത്തിൽ നിന്ന് ആരംഭിച്ചതാണ് 'പുണ്യം പൂങ്കാവനം'പദ്ധതി.സ്വാമിയുടെ പൂങ്കാവനം എപ്പോഴും ശുചിയായിരിക്കാൻ സന്നിധാനത്ത് ജോലിക്ക് എത്തുന്നവരും ദർശനത്തിന് എത്തുന്നവരും ചേർന്ന് രാവിലെ ഒൻപതുമുതൽ പത്തുവരെ ഒരുമണിക്കൂർ ശുചീകരണപ്രവർത്തനങ്ങൾ നടത്തുക എന്നതാണ് പദ്ധതിയുടെ ഇപ്പോഴത്തെ നോഡൽ ഓഫീസർ കൂടിയായ അദ്ദേഹം മുന്നോട്ട് വച്ച നിർദേശം.

സംസ്ഥാന സർക്കാരിന്റെ അകമഴിഞ്ഞ പിന്തുണയുള്ള പദ്ധതിയെ പ്രധാനമന്ത്രി ഏറെ പ്രശംസിക്കുകയുണ്ടായി.'പുണ്യം പൂങ്കാവന'ത്തിന്റെ സന്ദേശം രാജ്യമെമ്പാടും പ്രചരിപ്പിക്കാൻ 22 സംസ്ഥാനങ്ങളിലൂടെ, 12000 കിലോമീറ്റർ താണ്ടി നടത്തിയ യാത്ര ഏറെ ശ്രദ്ധ പിടിച്ചുപറ്റി. കേരളത്തിലെ വിവിധ ഭാഗങ്ങൾക്കുപുറമെ തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, ന്യൂഡൽഹി എന്നീ സംസ്ഥാനങ്ങളിലും സിംഗപ്പൂർ, അബുദാബി, ബഹ്റൈൻ, മലേഷ്യ രാജ്യങ്ങളിലും വേരാഴ്ത്തിയിട്ടുണ്ട് 'പുണ്യം പൂങ്കാവനം'.

(പി.ആർ. ശബരി–274)

## രാജ്യത്തിന് മാതൃക:വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സുദർശനമൊരുക്കി 'സുദർശനം'

ശബരിമല:വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സന്നിധാനത്ത് ദർശന സഹായമൊരുക്കി സുദർശനം സംഘം.ഇതുവരെ 311 പേർക്ക് ഈ സന്നദ്ധ പ്രവർത്തകർ കൈത്താങ്ങായി.വയോജന-ഭിന്നശേഷി സൗഹൃദ ശബരിമല എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് സുദർശനം.

ശബരിമലയിൽ എത്തിച്ചേരുന്ന വയോജനങ്ങളും ഭിന്നശേഷിക്കാരുമായ തീർഥാടകർക്ക് പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെയും ദ്വിഭാഷികളുടെയും സേവനമാണ് സുദർശനം പദ്ധതിയിലൂടെ ലഭ്യമാക്കുന്നത്. വിവിധ കോളജുകളിൽ നിന്നുള്ള നാഷണൽ സർവീസ് സ്കീം വിദ്യാർഥികൾ, പാലിയേറ്റീവ് പ്രവർത്തകർ തുടങ്ങിയവരാണ് ശബരിമലയിൽ സുദർശനം പദ്ധതി സേവനത്തിനായി എത്തിയിട്ടുള്ളത്.

ശാരീരിക അവശതമൂലം മലകയറാൻ പ്രയാസപ്പെട്ട നിരവധി തീർഥാടകർക്ക് സുദർശനം സന്നദ്ധപ്രവർത്തകർ ഇതിനകം കൈത്താങ്ങായി മാറിയിട്ടുണ്ട്.പുറമെ അസുഖ ബാധിതകരാകുന്നവർക്കും ഇവർ തുണയാകുന്നു.പമ്പ മുതൽ സന്നിധാനം വരെയുള്ള എല്ലാ എമർജൻസി മെഡിക്കൽ സെന്ററുകളിലും രണ്ട് സുദർശനം പ്രവർത്തകർ ഉണ്ട്.

24 മണിക്കൂറും ഇവരുടെ പ്രവർത്തനം ലഭ്യമാണ്.22 സുദർശനം സന്നദ്ധ പ്രവർത്തകരാണ് ആകെയുള്ളത്.പമ്പയിലും നിലയ്ക്കലും സുദർശനം ഇൻഫർമേഷൻ കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. അവിടെ ദ്വിഭാഷികളുടെ സേവനം ലഭ്യമാണ്. പമ്പയിൽ സബ്സിഡി നിരക്കിൽ ഡോളി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ദേശിയ തലത്തിൽ തന്നെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കുമായി ഒരു തീർത്ഥാടന കേന്ദ്രത്തിൽ പ്രത്യേക സംവിധാനമൊരുക്കുന്നത് ഇതാദ്യമാണെന്ന് ജില്ലാ പ്രൊബേഷൻ ഓഫീസർ എ ഒ അബീൻ ഇതര സംസ്ഥാനത്ത് നിന്ന് എത്തുന്ന അയ്യപ്പ വിശ്വാസികൾക്ക് സുദർശനം പദ്ധതി ഏറെ ആശ്വാസ പകരുന്നതായി അവർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.(ചിത്രമുണ്ട് )

(പി.ആർ. ശബരി–275)

## ഔഷധജലമേകി ഭക്തരുടെ ക്ഷീണമകറ്റി ശ്രീഭൂതനാഥ ധർമ്മസ്ഥാപനം തൊണ്ണൂറ്റൊന്നു വർഷം പിന്നിടുന്നു

ശബരിമല:തീർത്ഥാടകരുടെ ദാഹവും ക്ഷീണവുമകറ്റാൻ ഔഷധ കുടിവെള്ളമൊരുക്കി ശ്രീഭൂതനാഥ ധർമ്മസ്ഥാപനം തൊണ്ണൂറ്റൊന്നു വർഷം പിന്നിടുന്നു.മാളികപ്പുറം ഫ്ലൈഓവറിനു താഴെ ആണ് ശ്രീഭൂതനാഥ സ്ഥാപനത്തിന്റെ ഔഷധ തണ്ണീർ പന്തൽ.

പതിമുഖം,രാമച്ചം, കരിങ്ങാലി, പൊൻ കരണ്ടിവേര്, വേങ്ങ കാതൽ ഞെരിഞ്ഞിൽ, ചുക്ക്, കരുമുളക്, മല്ലി ,ജീരകം, ഏലക്കായ്, ഗ്രാംപൂവ് തുടങ്ങി 12 തരം

ഔഷധകൂട്ടുകൾ ചേർത്ത് തിളപ്പിച്ചാറ്റിയ വെള്ളമാണ് ഇവിടെ ലഭിക്കുന്നത്. രാവിലെ മുതൽ വൈകിട്ട് നട അടയ്ക്കുന്നത് വരെ ഇവിടെ ദാഹജലം വിതരണം നടത്തുന്നുണ്ട്. ദിവസേന നൂറുകണക്കിന് പേരാണ് ഇവിടെയെത്തി ദാഹവും ക്ഷീണവുമകറ്റി സ്വസ്ഥമാകുന്നത്.

പുലർച്ചെ അഞ്ചരമുതൽ രാത്രി ഹരിവരാസനം കേട്ട് അയ്യൻ ഉറങ്ങുന്നതു വരെ നീളുന്നു ഭൂതനാഥധർമ്മസ്ഥാപനത്തിന്റെ സേവനം.തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്ഥാപിതമാകുന്നതിന് മുമ്പേ തുടങ്ങിയതാണ് ഭൂതനാഥധർമ്മസ്ഥാപനം.പതിനെട്ടാം പടിയുടെ സമീപത്ത് ഭക്തർക്ക് നാരങ്ങാവെള്ളം വിതരണം ചെയ്തുകൊണ്ടായിരുന്നു തുടക്കം. ചോറ്റാനിക്കര ഭക്ത വത്സലൻ സ്വാമി, ചവറ കൃഷ്ണൻകുട്ടി സ്വാമി, മാധവൻ തമ്പി സ്വാമി, ഓച്ചിറ ഭാസ്ക്കരപിള്ള, പൂരമ്പാല ശങ്കരപിള്ള സ്വാമി എന്നിവരാണ് ധർമ്മസ്ഥാപനത്തിന് തുടക്കം കുറിച്ചത്.

ഹൈക്കോടതി അഭിഭാഷകനായ കെ.കെ ഗോപിനാഥൻ നായർ പ്രസിഡന്റ് ആയുള്ള ഭരണ സമിതി ട്രസ്റ്റും ജീവനക്കാരും ചേർന്നാണ് ശ്രീഭൂതനാഥ ധർമ്മസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.പത്തോളംപേരാണ് ഷിഫ്റ്റ് അടിസ്ഥാനത്തിൽ സേവനം നടത്തുന്നത്.

(പി.ആർ. ശബരി-276)

## ശബരിമല നാളത്തെ(03-01-2020)ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും
11.45ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 4 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 02 | 2020 |
|---|---|---|




## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

## ശുചിത്വമില്ലാത്ത ഹോട്ടലുകൾക്കെതിരെ നടപടി;110000രൂപ പിഴ

ശബരിമല:സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് അനിൽകുമാറിന്റെ നേതൃത്വത്തിൽ നടത്തിയ സ്ക്വാഡ് പരിശോധനയിൽ ശുചിത്വം പാലിക്കാതിരിക്കുകയും ക്രമക്കേട് കാട്ടുകയും ചെയ്ത ഹോട്ടലുകൾക്കും മറ്റ് കടകൾക്കുമെതിരെ നടപടി.1,11,000 രൂപ പിഴ ഈടാക്കി.പൂർണ്ണമായും വൃത്തിയാക്കിയ ശേഷമാണ് ഇവ പ്രവർത്തിക്കാൻ അനുവദിച്ചത്.

ചരൽമേട് ജംഗ്ഷൻ,മരക്കൂട്ടം-ശരംകുത്തി റോഡ് എന്നിവടങ്ങളിലാണ് വ്യാഴാഴ്ച പുലർച്ചെ മുതൽ റെയ്ഡ് നടത്തിയത്.റെയ്ഡിൽ ലീഗൽ മെട്രോളജി,ഹെൽത്ത്, റവന്യൂ,റേഷനിംഗ്,എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

(പി.ആർ. ശബരി-277)

## അയ്യപ്പസ്വാമിക്ക് നാമസങ്കീർത്തന ഘോഷാർച്ചന

ശബരിമല:അയ്യപ്പസന്നിധി ഭക്തിസാന്ദ്രമാക്കി നാമസങ്കീർത്തന ഘോഷാർച്ചന.കോതമംഗലം ശ്രീനന്ദനം ഭജൻസ് ആണ് അയ്യന് കാണിക്കയായി ശ്രീ

ശാസ്ത മണ്ഡപത്തിൽ നാമസങ്കീർത്തന ഘോഷം അവതരിപ്പിച്ചത്.

തുടർച്ചയായ നാലാം വർഷമാണ് ശ്രീനന്ദനം ഭജൻസ് സന്നിധാനത്ത് സംഗീതാർച്ചന നടത്തുന്നത്. കോതമംഗലത്ത് പ്രവർത്തിക്കുന്ന അശരണ ബാല്യങ്ങളുടെ അഭയകേന്ദ്രമായ പ്രകതി ബാലഭവന് വേണ്ടിയുള്ള സേവാസമർപ്പണമാണ് ശ്രീനന്ദനത്തിന്റെ നാമസങ്കീർത്തന ഘോഷം.

സംഗീതധ്യാപകൻ ദിലീഷ് പത്മനാഭനാണ് നാമസങ്കീർത്തന ഘോഷത്തിനു നേതൃത്വം നൽകിയത്.പതിനഞ്ച് കലാകാരൻമാർ ദിലീഷിനൊപ്പം വേദിയിലെത്തി. നാമ ഘോഷ ലഹരിയിൽ നിർവൃതിയടയാൻ നിരവധി അയ്യപ്പഭക്തർ ശ്രീ ശാസ് താമണ്ഡപത്തിലെത്തി.

(പി.ആർ. ശബരി-278)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.